ഗുരുവായൂർ ചെന്നൈ എഗ്മൂർ എക്സ്പ്രസിന് അധിക കോച്ചുകൾ

69 (6520) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാത്രി 9.10-ന് ഗുരുവായൂരിൽ നിന്ന് പുറപ്പെടുന്ന ഗുരുവായൂർ ചെന്നൈ എഗ്മൂർ എക്സ്പ്രസിന് നിലവിൽ എത്ര സ്ലീപ്പർ, എ.സി. ടുടയർ, ത്രീടയർ കോച്ചുകൾ ആണ് ഉള്ളത് ;

(ബി) ഗുരുവായൂർ അമ്പലദർശനത്തിന് തമിഴ്നാട്ടിൽനിന്നും തെക്കൻ കേരളത്തിൽനിന്നും എത്തുന്ന ഭക്തന്മാരും മദ്ധ്യ കേരളത്തിൽ നിന്ന് തിരുവനന്തപുരം ആർ.സി.സി, ശ്രീചിത്ര തുടങ്ങിയ ആശുപത്രികളിൽ പോകുന്നതിനായി നിരവധി യാത്രക്കാരും ആശ്രയിക്കുന്ന പ്രസ്തുത ട്രെയിനിൽ ആഴ്ചകൾക്കുമുമ്പുതന്നെ സീറ്റ്/ബെർത്ത് റിസർവേഷനുകൾ വെയിറ്റിംഗ് ലിസ്റ്റ് ആകുന്നതു പരിഗണിച്ച് കൂടുതൽ സീറ്റ്/ബെർത്ത് സൗകര്യം ലഭിക്കുന്നതിനായി പ്രസ്തുത ട്രെയിനിൽ അഡീഷണൽ കോച്ചുകൾ അനുവദിക്കുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ട്രെയിനിൽ നിലവിൽ നാല് സ്ലീപ്പർ കോച്ചുകളും ഓരോ എ.സി. ടുടയർ, ത്രീടയർ കോച്ചുകളുമുണ്ട്.

(ബി) നിലവിൽ ഗുരുവായൂരിൽനിന്ന് മദ്രാസ് എഗ്മൂർവരെ രണ്ട് ഗാർഡ് വാനുകളും നാല് സ്ലീപ്പർ കോച്ചുകളും ഓരോ എ.സി. ടുടയർ, ത്രീടയർ കോച്ചുകളും നാല് സെക്കന്റ് ചെയർ കാറുകളും മൂന്ന് ജനറൽ കോച്ചുകളും ഒരു പാൻട്രി കാറും ഉൾപ്പെടെ പതിനാറ് കോച്ചുകളുമായി എത്തി അവിടെ നിന്ന് ആറ് ചെയർ കാറുകളും ഒരു ഗാർഡ് വാനും ഒരു ജനറൽ കോച്ചും കൂട്ടിച്ചേർത്ത്, മൊത്തം 24 കോച്ചുകളുമായി തൂത്തുക്കുടി വരെയാണ് ഈ ട്രെയിൻ ഓടുന്നത്. സാങ്കേതികമായ കാരണങ്ങൾകൊണ്ട് ഒരു ട്രെയിനിന് അനുവദനീയമായ കോച്ചുകളുടെ എണ്ണത്തിന്റെ പരിധി 24 ആയതിനാൽ, പ്രസ്തുതട്രെയിനിൽ അഡീഷണൽ കോച്ചുകൾ അനുവദിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ട് എന്നാണ് റെയിൽവേയിൽനിന്ന് അറിഞ്ഞിരിക്കുന്നത്.

റെയിൽവേ ക്ലെയിംസ് ട്രിബ്യൂണലിൽനിന്നുള്ള നഷ്ടപരിഹാരം

70 (6521) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ റെയിൽവേ ക്ലെയിംസ് ട്രിബ്യൂണലിൽ നിന്ന് ട്രെയിൻ യാത്രികർക്ക് ഏതെല്ലാം കാര്യങ്ങൾക്ക് റെയിൽവേയിൽനിന്ന് നഷ്ടപരിഹാരം നേടാനാകും ;

(ബി) പ്രസ്തുത ട്രിബ്യൂണലിൽ എത്ര കേസ്സുകൾ പരിഗണനയിൽ ഉണ്ട് എന്നറിയാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly